8421
19/8/14

കേരള സർക്കാർ

സംഗ്രഹം

**സാമൂഹ്യനീതി വകുപ്പ്- ഐ.സി.ഡി.എസ്- 42 അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ(സാധാ) നം.516 /2014/സാനീവ തീയതി, തിരുവനന്തപുരം 12 .8.2014

---

പരാമർശം :
(1) 7.9.2007-ലെ സ.ഉ(പി) നം. 408/07/ധന നംപർ ഉത്തരവ്.
(2) 16.1.2012 -ലെസ.ഉ(സാധാ) നം. 23/2012/സാക്ഷേവ നമ്പർ ഉത്തരവ്.
(3) 24.12.2012 ലെ സ.ഉ(സാധാ) നം. 563/2012/സാനീവ നമ്പർ ഉത്തരവ്.
(4) 15.3.2013 ലെ 3481/ബി1/2013/സാനീവ നംപർ സർക്കാർ കത്ത്.
(5) 10.7.2014 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഐസിഡിഎസ്.എ7--10228/14 നംപർ കത്ത്.
(6) 21.7.2014 ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ അംഗൻവാടി വീതം എല്ലാ നിയോജകമണ്ഡലങ്ങളിലും മാതൃകാ അംഗൻവാടി നിർമ്മിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷത്തെ 2235-02-102-69 (പി) ശീർഷകത്തിൽ വകയിരുത്തിയിരുന്ന 100 കോടി രൂപയിൽ നിന്നും കേന്ദ്ര സർക്കാർ സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാമിന് 50% കേന്ദ്ര സഹായമായി അനുവദിച്ചിട്ടുള്ള 5452.49 ലക്ഷം രൂപ സാമൂഹ്യനീതി ഡയറക്ടറുടെ 14907 നംപർ ടിഎസ്ബി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും ടി തുക ഉപയോഗിച്ച് മാതൃകാ അംഗൻവാടികൾ നിർമ്മിക്കുന്നതിനും അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. ഒരു മാതൃകാ അംഗൻവാടിയുടെ നിർമ്മാണ ചെലവായ 23.75 ലക്ഷം രൂപയിൽ 17 ലക്ഷം രൂപ സാമൂഹ്യനീതി ഡയറക്ടറുടെ റ്റിഎസ്ബി അക്കൗണ്ടിൽ പരാമർശം (2) പ്രകാരം നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും 6.75 ലക്ഷം രൂപ ബന്ധപ്പെട്ട എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നുമാണ് കണ്ടെത്തേണ്ടത്. പ്രസ്തുത 23.75 ലക്ഷം രൂപയുടെ പരമാവധി 15 % വരെ അധിക തുക 2010- ലെ ഷെഡ്യൂൾ നിരക്കിൽ മേൽ ആവശ്യമാകുന്ന പക്ഷം അനുവദിക്കാവുന്നതാണെന്ന് പരാമർശം (4) പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) മേൽപ്പറഞ്ഞ പ്രകാരം 140 മാതൃകാ അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വകുപ്പിൽ നിന്ന് ഏകദേശം 27.37 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും ടി തുക റ്റിഎസ്ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 54.5249 കോടി രൂപയിൽ നിന്നും കുറവു ചെയ്യുമ്പോൾ 27.1549 കോടി രൂപ റ്റിഎസ്ബി അക്കൗണ്ടിൽ ബാക്കി വരുന്നുണ്ടെന്നും പ്രസ്തുത തുക വിനിയോഗിച്ചു സ്വന്തമായി ഭൂമിയുള്ളതും എന്നാൽ കെട്ടിടമില്ലാത്തതുമായ 42 അംഗൻവാടികൾക്ക് ഒരു അംഗൻവാടിക്ക് 11,66,000/ രൂപ നിരക്കിൽ ഏകദേശം 600 sq.ft വിസ്തീർണ്ണത്തിൽ ക്ലാസ്റൂം, അടുക്കള, സ്റ്റോർറൂം, വിവിധ ആവശ്യങ്ങൾക്കുള്ള റൂം എന്നീ സൗകര്യങ്ങളോടെ അംഗൻവാടി കെട്ടിടം നിർമ്മിക്കാവുന്നതാണെന്നും ടി കെട്ടിടങ്ങളുടെ നിർമ്മാണ ചുമതല പൊതുമരാമത്ത് വകുപ്പ് പരാമർശം (1)ലെ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള വിവിധ അംഗീകൃത സ്ഥാപനങ്ങൾ എന്നിവരെ ഏൽപ്പിക്കാവുന്നതാണെന്നും പരാമർശം (5) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതിനായി റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്നും 4,89,72,000/- രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നല്കണമെന്നും സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടു.

(3)21.07.2014 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സാമൂഹ്യനീതി ഡയറക്ടറുടെ 14907 നംപർ ടിഎസ്ബി അക്കൗണ്ടിൽ മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി നിക്ഷേപിച്ചിട്ടുള്ള 54.5249 കോടി രൂപയിൽ നിന്നും 140 മാതൃകാ അംഗൻവാടികൾ നിർമ്മിക്കുന്നതിന് ആവശ്യമായ തുക കുറവു ചെയ്തതിനു ശേഷം ബാക്കിയുള്ള തുകയിൽ നിന്നും ഒരു അംഗൻവാടിക്ക് 11,66,000/- രൂപ

നിരക്കിൽ 4,89,72,000/- രൂപ (നാലു കോടി എൺപത്തിയൊൻപതുലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം) ചെലവഴിച്ച് അനുബന്ധമായി ചേർത്തിട്ടുള്ള 42 അംഗൻവാടികൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
ഡോ.കെ.എം. എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

**സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.**
**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.**
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
**കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.**

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

| ക്രമ നം | ജില്ല | പ്രോജക്ടിന്റെ പേര് | ഗ്രാമ പഞ്ചായത്ത് | അങ്കണ വാടി നം. |
|---|---|---|---|---|
| 1. | തിരുവനന്തപുരം | വാമനപുരം അഡീഷണൽ | പാങ്ങോട് | 68 |
| 2. | തിരുവനന്തപുരം | പാറശ്ശാല | പാറശ്ശാല | 179 |
| 3. | തിരുവനന്തപുരം | പാറശ്ശാല | പൂവാർ | 28 |
| 4. | തിരുവനന്തപുരം | കിളിമാനൂർ അഡീഷണൽ | നാവായിക്കുളം | 61 |
| 5. | തിരുവനന്തപുരം | വാമനപുരം | വാമനപുരം | 22 |
| 6. | തിരുവനന്തപുരം | കിളിമാനൂർ അഡീഷണൽ | നാവായിക്കുളം | 69 |
| 7. | എറണാകുളം | മുളന്തുരുത്തി അഡീഷണൽ | തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി | 52 |
| 8. | എറണാകുളം | മുളന്തുരുത്തി അഡീഷണൽ | തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി | 66 |
| 9. | എറണാകുളം | നോർത്ത് പറവൂർ | ചേന്ദമംഗലം | 159 |
| 10. | എറണാകുളം | നോർത്ത് പറവൂർ | ചേന്ദമംഗലം | 161 |
| 11. | എറണാകുളം | നോർത്ത് പറവൂർ | ചേന്ദമംഗലം | 77 |
| 12. | എറണാകുളം | നോർത്ത് പറവൂർ | ചേന്ദമംഗലം | 177 |
| 13. | ഇടുക്കി | കട്ടപ്പന | കട്ടപ്പന | 68 |
| 14. | ഇടുക്കി | ഇളംദേശം | വെളിയമറ്റം | 32 |
| 15. | ഇടുക്കി | ഇളംദേശം | വെളിയമറ്റം | 75 |
| 16. | ഇടുക്കി | ഇളംദേശം | വണ്ണപ്പുറം | 1 |
| 17. | ഇടുക്കി | ഇളംദേശം | വണ്ണപ്പുറം | 2 |
| 18. | ഇടുക്കി | ഇളംദേശം | വണ്ണപ്പുറം | 3 |
| 19. | ഇടുക്കി | ഇളംദേശം | വണ്ണപ്പുറം | 5 |
| 20. | ഇടുക്കി | ഇളംദേശം | വണ്ണപ്പുറം | 9 |
| 21. | ഇടുക്കി | ഇളംദേശം | വണ്ണപ്പുറം | 16 |
| 22. | ഇടുക്കി | കട്ടപ്പന അഡീഷണൽ | ഇരട്ടയാർ | 68 |
| 23. | ഇടുക്കി | കട്ടപ്പന അഡീഷണൽ | ഇരട്ടയാർ | 71 |
| 24. | ഇടുക്കി | കട്ടപ്പന അഡീഷണൽ | ഇരട്ടയാർ | 93 |
| 25. | ഇടുക്കി | കട്ടപ്പന അഡീഷണൽ | ചക്കുപള്ളം | 12 |
| 26. | ഇടുക്കി | കട്ടപ്പന അഡീഷണൽ | ചക്കുപള്ളം | 13 |
| 27. | ഇടുക്കി | കട്ടപ്പന അഡീഷണൽ | ചക്കുപള്ളം | 17 |
| 28. | ഇടുക്കി | കട്ടപ്പന അഡീഷണൽ | ചക്കുപള്ളം | 20 |

| | | | | |
|---|---|---|---|---|
| 29. | ഇടുക്കി | കട്ടപ്പന അഡീഷണൽ | ചക്കുപള്ളം | 23 |
| 30. | ഇടുക്കി | കട്ടപ്പന അഡീഷണൽ | ചക്കുപള്ളം | 24 |
| 31. | ഇടുക്കി | കട്ടപ്പന അഡീഷണൽ | ചക്കുപള്ളം | 25 |
| 32. | ഇടുക്കി | ഇളംദേശം | വെളിയമറ്റം | 79 |
| 33. | ഇടുക്കി | ഇളംദേശം | കരിമണ്ണൂർ | 118 |
| 34. | ഇടുക്കി | ഇളംദേശം | കരിമണ്ണൂർ | 119 |
| 35. | ഇട ുക്കി | ഇളംദേശം | കുടയത്തൂർ | 126 |
| 36. | മലപ്പുറം | മലപ്പുറം റൂറൽ | ഒതുക്കങ്ങൽ | 114 |
| 37. | കോഴിക്കോട് | ബാലുശ്ശേരി | പനങ്ങാട് | 63 |
| 38. | കോഴിക്കോട് | കൊടുവള്ളി | കിഴക്കോത്ത് | 70 |
| 39. | കോഴിക്കോട് | കുന്ദമംഗലം അഡീഷണൽ | മാവൂർ | 7 |
| 40. | കാസർഗോഡ് | കാറഡുക്ക | ബേഡഡുക്ക | 53 |
| 41. | കാസർഗോഡ് | കാറഡുക്ക | ബേഡഡുക്ക | 40 |
| 42. | കാസർഗോഡ് | കാറഡുക്ക | കുറ്റിക്കോൽ | 79 |